"ഭരണഭാഷ - മാതൃഭാഷ"

നമ്പർ.ക്യു.ഐ.പി2/22439/13/ഡിപിഐ.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി : 23/5/2013

## സർക്കുലർ

**വിഷയം:** പൊതുവിദ്യാഭ്യാസം - അദ്ധ്യാപകരെ മറ്റ് ജോലികൾക്കും പരിശീലനങ്ങൾക്കും നിയോഗിക്കുന്നത് സംബന്ധിച്ച് -

**സൂചന** :

----------

കേരളത്തിലെ സർക്കാർ/എയിഡഡ് സ്ക്കൂൾ അദ്ധ്യാപകരെ അദ്ധ്യാപനത്തിന് തടസ്സം നേരിടുന്നതരത്തിൽ വിവിധ വിദ്യാഭ്യാസ ഏജൻസികൾ പരിശീലന പരിപാടികൾക്കും മറ്റ് ഇതരജോലികൾക്കും തിരഞ്ഞെടുത്ത് നിയോഗിക്കുന്ന പ്രവണത വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെടുകയും ഇക്കാര്യത്തിൽ നിരവധി പരാതികൾ ഈ ഓഫീസിൽ ലഭിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ സ്ക്കൂൾ അദ്ധ്യാപകരെ അദ്ധ്യാപകേതര ജോലികൾക്കും ട്രെയിനിംഗിനും നിയോഗിക്കുന്നതിന് മുൻപ് വിദ്യാഭ്യാസ ഡയറക്ടറുടെ അനുമതി തേടിയിരിക്കണം എന്ന് നിരവധി തവണ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിരുന്നു. എന്നിട്ടും ഇപ്പോഴും പല വിദ്യാഭ്യാസ ഏജൻസികളും വിദ്യാഭ്യാസ ഡയറക്ടറുടെ മുൻകൂട്ടിയുള്ള അനുമതി നേടാതെ അദ്ധ്യാപകരെ നിരവധി പരിശീലന പരിപാടികൾക്കായി തിരഞ്ഞെടുത്ത് അയയ്ക്കുന്നതായും പിന്നീട് ഇത്തരം ഒരു പരിശീലന പരിപാടി നടത്തിയിട്ടുള്ളതായും അതിൽ പങ്കെടുത്ത അദ്ധ്യാപകരുടെ വിശദാംശങ്ങൾ സഹിതം റിപ്പോർട്ട് നൽകുന്ന രീതിയും ഇപ്പോഴും തുടർന്നുവരുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ അദ്ധ്യാപകരെ ഇത്തരത്തിൽ സ്ക്കൂൾ അദ്ധ്യാപനത്തിന് തടസ്സം നേരിടുന്ന തരത്തിൽ മറ്റ് പരിശീലന പരിപാടികൾക്കും ഇതര ജോലികൾക്കും നിയോഗിക്കുന്ന പ്രവണത ഒഴിവാക്കേണ്ടതും അദ്ധ്യാപകരെ അദ്ധ്യാപക പരിശീലനം ഉൾപ്പെടെയുള്ള ഇതര കോഴ്സുകൾക്കും ശില്പശാലകൾക്കും ഡ്യൂട്ടികൾക്കും തിരഞ്ഞെടുത്ത് നിയോഗിക്കുന്നതിന് വിദ്യാഭ്യാസ ഡയറക്ടറുടെ മുൻകൂട്ടിയുള്ള അനുമതി നേടിയിരിക്കേണ്ടതാണ് എന്ന് വീണ്ടും അറിയിക്കുന്നു. ഇതര ഏജൻസികൾക്ക് ഇത്തരത്തിൽ അദ്ധ്യാപകരെ നിയോഗിക്കുന്നതിന് വിദ്യാഭ്യാസ ഡയറക്ടറുടെ മുൻകൂട്ടിയുള്ള അനുമതി ഇല്ലാതെ അദ്ധ്യാപകരെ വിട്ടുനൽകേണ്ടതില്ല എന്ന വിവരവും

ഇതിനാൽ അറിയിക്കുന്നു. ഇക്കാര്യത്തിൽ ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർ/ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ എന്നിവർ പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതാണ്. വിദ്യാഭ്യാസ ഡയറക്ടറുടെ മുൻകൂട്ടി അനുവാദം വാങ്ങതെ എസ്.സി.ആർ.ടി, സീമാറ്റ്, എസ്.എസ്.എ, ആർ.എം.എസ്.എ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ ഏജസികൾ അദ്ധ്യാപകരെ ഉപയോഗിക്കുന്നത് കർശനമായി നിയന്ത്രിക്കുന്നു.

പൊതു വിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി.

പകർപ്പ് :- (1) ഡയറക്ടർ, എസ്.സി.ഇ.ആർ.റ്റി, തിരുവനന്തപുരം.
(2) ഡയറക്ടർ, സീമാറ്റ് കേരള, തിരുവനന്തപുരം.
(3) സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, എസ്.എസ്.എ, തിരുവനന്തപുരം.
(4) ഡയറക്ടർ, ആർ.എം.എസ്.എ, തിരുവനന്തപുരം.
(5) സെക്രട്ടറി, പരീക്ഷാഭവൻ, പൂജപ്പുര, തിരുവനന്തപുരം.
(6) എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും.
(7) എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.
(8) എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.
(9) എല്ലാ ഡയറ്റ് പ്രിൻസിപ്പൽമാർക്കും.
(10) കരുതൽ ഫയൽ.